**പോലീസ് വകുപ്പ്**

**കേരളം**

**No.R1-183443/2024/PHQ**
പോലീസ് ഹെഡ്ക്വാട്ടേർസ്,
തിരുവനന്തപുരം
phq.pol@kerala.gov.in
04712721547
തീയതി. 05-12-2024

**സർക്കുലർ. 9/2024/പി എച്ച് ക്യൂ**

വിഷയം : പോലീസ് ഉദ്യോഗസ്ഥർക്ക് ഡിപ്പാർട്ട്മെൻറ് മോട്ടോർ വാഹനങ്ങൾ ഓടിക്കുന്നതിന് അംഗീകാരം നൽകുന്നത് - സംബന്ധിച്ച് :

സൂചന : 1. 24.07.2024 തീയതിയിലെ സ്റ്റാഫ് കൗൺസിൽ യോഗ തീരുമാനം.
2. 03.10.2024 തീയതിയിലെ M5-74791/2023/PHQ നമ്പർ കത്ത്.

സാധുവായ ഡ്രൈവിംഗ് ലൈസൻസും, ഡ്രൈവിംഗിൽ പ്രാവീണ്യവും ഉള്ള പോലീസ് ഉദ്യോഗസ്ഥർക്ക് വകുപ്പിലെ മോട്ടോർ വാഹനങ്ങൾ ഓടിക്കുന്നതിനായി ഓതറൈസേഷൻ നൽകുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ, പോലീസ് വകുപ്പിലെ വാഹനങ്ങൾ ഓടിക്കുന്നതിനുള്ള ഓതറൈസേഷൻ നൽകുന്നതിന് നിലവിൽ യൂണിറ്റ് മേധാവികൾക്ക് മാത്രം അനുവദിച്ചിരുന്ന അധികാരം, ഇനി മുതൽ താഴെ പ്രതിപാദിക്കുന്ന നിബന്ധനകൾ കർശനമായും പാലിച്ചുകൊണ്ട് താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ കൂടി ഡ്രൈവിംഗ് ഓതറൈസേഷൻ നൽകുവാൻ അധികാരപ്പെടുത്തുന്നു.

1. ജില്ലകളിൽ ജില്ലാ പോലീസ് മേധാവികൾക്ക് പുറമേ സബ് ഡിവിഷണൽ പോലീസ് ഓഫീസർമാർ (SDPO), പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർമാർ (SHO), യൂണിറ്റ് മോട്ടോർ ട്രാൻസ്പോർട്ട് ഓഫീസർമാർ എന്നിവർക്ക് ഡ്രൈവിംഗ് ഓതറൈസേഷൻ നൽകുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.
2. ബറ്റാലിയനുകളിൽ കമാണ്ടന്റുമാർക്ക് പുറമേ ബറ്റാലിയൻ ട്രാൻസ്പോർട്ട് ഓഫീസർമാർക്ക് കൂടി ടി അധികാരം ഉണ്ടായിരിക്കുന്നതാണ്.
3. സ്പെഷ്യൽ യൂണിറ്റുകളിൽ യൂണിറ്റ് മേധാവികൾക്ക് പുറമേ ആ യൂണിറ്റിലെ DYSP-മാർക്കും, പ്രസ്തുത സ്പെഷ്യൽ യൂണിറ്റിലെ മോട്ടോർ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും ഡ്രൈവിംഗ് ഓതറൈസേഷൻ നൽകുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്
4. ഹോം ഗാർഡുകൾക്ക് യാതൊരു കാരണവശാലും വകുപ്പ് വാഹനങ്ങൾ ഓടിക്കുന്നതിനുള്ള ഓതറൈസേഷൻ അനുവദിക്കാൻ പാടുള്ളതല്ല.
5. ഡ്രൈവിങ്ങ് ഓതറൈസേഷൻ അനുവദിക്കപ്പെടേണ്ട ഉദ്യോഗസ്ഥന് ഡ്രൈവിംഗ് ഓതറൈസേഷൻ നൽകപ്പെടുന്ന കാലയളവിൽ സാധുതയുള്ള ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കേണ്ടതാണ്. ഒരു യൂണിറ്റിൽനിന്നും അനുവദിക്കുന്ന ഓതറൈസേഷൻ പ്രകാരം ആ യൂണിറ്റിലെ വകുപ്പ് വാഹനങ്ങൾ ഓടിക്കുന്നതിന് മാത്രമേ അനുവാദം ഉണ്ടായിരിക്കുകയുള്ളൂ. അപ്രകാരം ഒരു യൂണിറ്റിൽ നിന്നും അനുവദിക്കുന്ന ഓതറൈസേഷൻ ആ യൂണിറ്റിലെ വാഹനങ്ങൾ ഓടിക്കുന്നതിന് മാത്രമായി പരിമിതപ്പെടുന്നതാണ്. ഡ്രൈവിംഗ് ലൈസൻസിന്റെ കാലാവധി തീരുന്ന തീയതിവരെ മാത്രമേ ഇത്തരം ഓതറൈസേഷന് നിയമ സാധുത ഉണ്ടായിരിക്കുകയുള്ളൂ.
6. ഓതറൈസേഷൻ അനുവദിക്കാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ, ഓതറൈസേഷൻ നൽകേണ്ട ഉദ്യോഗസ്ഥന്റെ ഡ്രൈവിംഗ് പ്രാവീണ്യം പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം മാത്രമേ ഓതറൈസേഷൻ നൽകുവാൻ പാടുള്ളൂ.
7. ഇപ്രകാരം നൽകുന്ന ഓതറൈസേഷന്റെ പകർപ്പ് യൂണിറ്റ് മേധാവിക്കും, യൂണിറ്റ് മോട്ടോർ ട്രാൻസ്പോർട്ട് ഓഫീസർക്കും/ ബറ്റാലിയൻ ട്രാൻസ്പോർട്ട് ഓഫീസർക്കും ഓതറൈസേഷൻ നൽകുന്ന ഓഫീസർ അന്നേ ദിവസം തന്നെ അയച്ചുകൊടുക്കേണ്ടതാണ്.
8. ഓരോ പോലീസ് സ്റ്റേഷൻ/ഓഫീസുകളിൽ ഓതറൈസ്ഡ് ഡ്രൈവർ (പോലീസ് ഉദ്യോഗസ്ഥർ)-മാരുടെ വിവരങ്ങൾ രേഖപ്പെടുത്തിയ പ്രത്യേക രജിസ്റ്റർ ബന്ധപ്പെട്ട ഓഫീസിൽ

(SDPO/PS) സൂക്ഷിക്കേണ്ടതും, ഓതറൈസേഷൻ ഉള്ളവർ മാത്രമേ വകുപ്പ് വാഹനം ഓടിക്കുന്നുള്ളൂ എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതുമാണ്.

9. PHQ സർക്കുലർ: 25/2014 ക്രമ നമ്പർ.12,13 എന്നിവ പ്രകാരം പോലീസ് സ്റ്റേഷൻ വാഹനങ്ങളുടെ പരിപാലനത്തിനായി സ്റ്റേഷനുകളിൽ MTO ആയി ASW-മാരെ നിയമിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലറിലെ ഡ്യൂട്ടികൾക്ക് പുറമെ പോലീസ് സ്റ്റേഷനുകളിൽ ഓതറൈസ്ഡ് ഡ്രൈവർമാരുടെ (പോലീസ് ഉദ്യോഗസ്ഥരുടെ) രജിസ്റ്ററും പരിപാലിക്കുന്നതിനുള്ള ചുമതല സ്റ്റേഷൻ ഹൗസ് ഓഫീസർമാർ (SHO) ASW-മാർക്ക് നൽകേണ്ടതാണ്.

10. ഓതറൈസ്ഡ് ഡ്രൈവർ (പോലീസ് ഉദ്യോഗസ്ഥർ)-ടുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് മാത്രമായി എംറ്റി ഓഫീസ്സിൽ പ്രത്യേകം രജിസ്റ്റർ മോട്ടോർ ട്രാൻസ്പോർട്ട് ഓഫീസർ/ ബറ്റാലിയൻ ട്രാൻസ്പോർട്ട് ഓഫീസർ സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത രജിസ്റ്ററിൽ ഉദ്യോഗസ്ഥന്റെ പേര്, റാങ്ക്, ജനറൽ നമ്പർ, PS/ഓഫീസ്/യൂണിറ്റ്, PEN നമ്പർ, ഓതറൈസേഷൻ നല്കിയ ഉദ്യോഗസ്ഥന്റെ വിവരങ്ങൾ, ഓതറൈസ്ഡ് ഡ്രൈവറുടെ (പോലീസ് ഉദ്യോഗസ്ഥന്റെ) ഡ്രൈവിംഗ് ലൈസൻസ്സിന്റെ വിവരങ്ങൾ, ഡ്രൈവിംഗ് ഓതറൈസേഷന്റെ കാലാവധി എന്നിവ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

11. ഓതറൈസ്ഡ് ഡ്രൈവർമാർ (പോലീസ് ഉദ്യോഗസ്ഥർ) എന്നിവർക്കു വേണ്ടി എംറ്റി ഓഫീസിൽ പ്രത്യേകം Eye test രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിപാലിക്കേണ്ടതാണ്. ഡ്രൈവിംഗ് ഓതറൈസേഷൻ ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്ക് സാധുതയുള്ള ഡ്രൈവിംഗ് ലൈസൻസ് ഉണ്ടെന്നും, കൃത്യമായ ഇടവേളകളിൽ eye test നടത്തി സർട്ടിഫിക്കറ്റ് ഹാജരാക്കുന്നുണ്ട് എന്നും മോട്ടോർ ട്രാൻസ്പോർട്ട് ഓഫീസർമാർ/ ബറ്റാലിയൻ ട്രാൻസ്പോർട്ട് ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

12. ഡ്രൈവിംഗ് ഓതറൈസേഷൻ അനുവദിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്ക് വകുപ്പ് വാഹനങ്ങളുടെ ദിവസം തോറുമുള്ള പരിപാലനം, ആഴ്ച തോറുമുള്ള പരിപാലനം, മാസം തോറുമുള്ള പരിപാലനം, വാഹനങ്ങളുടെ ശരിയായ ഉപയോഗം, ടയർ റൊട്ടേഷൻ, വീൽ അലൈൻമെന്റ്, വീൽ ബാലൻസിംഗ്, ഓയിൽ ചേഞ്ച്, പീരിയോഡിക്കൽ സർവ്വീസ്, വാഹന ഡയറിയുടെ ശരിയായ പരിപാലനം എന്നിവ സംബന്ധിച്ചും അവയുടെ ശരിയായ ഉപയോഗത്തെക്കുറിച്ചും അവബോധം ലഭിക്കുന്നതിന് ഒരു ദിവസത്തെ പരിശീലനം മോട്ടോർ ട്രാൻസ്പോർട്ട് ഓഫീസർമാർ/ ബറ്റാലിയൻ ട്രാൻസ്പോർട്ട് ഓഫീസർമാർ ടിയാൻമാർക്ക് നൽകേണ്ടതാണ്. മുഴുവൻ ഉദ്യോഗസ്ഥർക്കും ഇപ്രകാരമുള്ള പരിശീലനം ലഭിച്ചിട്ടുണ്ട് എന്ന് യൂണിറ്റ് മേധാവികൾ ഉറപ്പുവരുത്തേണ്ടതുമാണ്. പുതിയ മോഡൽ/ഇനം വാഹനങ്ങൾ യൂണിറ്റിലേക്ക് അനുവദിക്കുന്ന മുറയ്ക്ക് അവയുടെ പരിപാലനം സംബന്ധിച്ച് പരിശീലനം മോട്ടോർ ട്രാൻസ്പോർട്ട് ഓഫീസർമാർ/ ബറ്റാലിയൻ ട്രാൻസ്പോർട്ട് ഓഫീസർമാർ ടിയാൻമാർക്ക് നൽകേണ്ടതാണ്.

13. ഓതറൈസ്ഡ് ഡ്രൈവർ (പോലീസ് ഉദ്യോഗസ്ഥർ)-രെ പൈലറ്റ്/എസ്കോർട്ട് ഡ്യൂട്ടികൾക്ക് നിയോഗിക്കേണ്ടതായി വരുന്നപക്ഷം, യൂണിറ്റ് അടിസ്ഥാനത്തിൽ പ്രസ്തുത ഡ്രൈവർമാരുടെ (പോലീസ് ഉദ്യോഗസ്ഥരുടെ) പട്ടിക തയ്യാറാക്കി യൂണിറ്റ് മേധാവി അതാത് DYSP (MT)-മാരെ കൊണ്ട് അവരുടെ ഡ്രൈവിംഗ് പ്രാവീണ്യം പരിശോധിപ്പിച്ച് റിപ്പോർട്ട് വാങ്ങി ആയത് ഉറപ്പുവരുത്തിയശേഷം അർഹരായവർക്ക് 07 (ഏഴ്) ദിവസത്തെ VVIP ഡ്രൈവിങ് പരിശീലനം നൽകിയശേഷം പ്രത്യേക ഡ്രൈവിംഗ് ഓതറൈസേഷൻ നല്കി യൂണിറ്റുകളിൽ ടിയാൻമാരെ പൈലറ്റ്/എസ്കോർട്ട് ഡ്യൂട്ടികൾക്ക് നിയോഗിക്കാവുന്നതാണ്.

14. ജലപീരങ്കി, ബുള്ളറ്റ് പ്രൂഫ് വാഹനങ്ങൾ, അതിസുരക്ഷ വേണ്ടുന്ന വ്യക്തികളുടെ (രാഷ്ട്രപതി, പ്രധാനമന്ത്രി, മറ്റ് Z പ്ലസ് കാറ്റഗറി സുരക്ഷയുള്ള വ്യക്തികൾ) സെക്യൂരിറ്റി ഡ്യൂട്ടികൾക്കായി നിയോഗിക്കുന്ന വാഹനങ്ങൾ എന്നിവ ഓടിക്കുവാനായി ഡ്രൈവിംഗ് ഓതറൈസേഷൻ ലഭിച്ചിട്ടുള്ള ഡ്രൈവർമാരെ (പോലീസ് ഉദ്യോഗസ്ഥരെ) നിയോഗിക്കുവാൻ പാടുള്ളതല്ല. ബുള്ളറ്റ് പ്രൂഫ് വാഹനങ്ങൾ, അതിസുരക്ഷ വേണ്ടുന്ന വ്യക്തികളുടെ സെക്യൂരിറ്റി ഡ്യൂട്ടികൾക്കായി നിയോഗിക്കുന്ന വാഹനങ്ങൾ എന്നിവ ഓടിക്കുവാൻ NSG പരിശീലനം ലഭിച്ച ഡ്രൈവർമാരെ മാത്രമേ നിയോഗിക്കാവൂ.

15. ഹെവി ഡ്യൂട്ടി ലൈസൻസ് ഉള്ള ഓതറൈസ്ഡ് ഡ്രൈവർ (പോലീസ് ഉദ്യോഗസ്ഥർ)-രെ ഹെവി വാഹനങ്ങൾ ഓടിക്കുന്നതിന് നിയോഗിക്കുന്നതിനായി, സാധുതയുള്ള ഹെവി ഡ്യൂട്ടി ലൈസൻസ് ഉള്ള പ്രസ്തുത ഡ്രൈവർമാരുടെ (പോലീസ് ഉദ്യോഗസ്ഥരുടെ) പട്ടിക തയ്യാറാക്കി യൂണിറ്റ് മേധാവി അതാത് DYSP (MT)-മാരെ കൊണ്ട് ഡ്രൈവിംഗ് പ്രാവീണ്യം പരിശോധിപ്പിച്ച് റിപ്പോർട്ട് വാങ്ങി ആയത് ഉറപ്പുവരുത്തിയശേഷം അർഹരായവർക്ക് വിവിധ ഹെവി വാഹനങ്ങളിൽ 03 (മൂന്ന്) ദിവസത്തെ

പരിശീലനം നൽകിയശേഷം **ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ലൈസൻസിന്റെ കാലാവധി** കഴിയുംവരെ പ്രത്യേക ഡ്രൈവിംഗ് ഓതറൈസേഷൻ നല്കി ടിയാൻമാരെ പ്രസ്തുത യൂണിറ്റിലെ ഹെവി വാഹനങ്ങൾ (സ്പെഷ്യൽ പർപ്പസ് വാഹനങ്ങൾ ഒഴികെ) ഓടിക്കുന്നതിന് നിയോഗിക്കാവുന്നതാണ്.

16. എസ്കോർട്ട്/പൈലറ്റ് ഡ്യൂട്ടികൾക്കും, ഹെവി ഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതിനും ഓതറൈസേഷൻ ലഭിച്ചിട്ടുള്ള ഡ്രൈവർ (പോലീസ് ഉദ്യോഗസ്ഥർ)-മാർക്ക് മാത്രമായി എംറ്റി ഓഫീസിൽ പ്രത്യേകം രജിസ്റ്റർ മോട്ടോർ ട്രാൻസ്പോർട്ട് ഓഫീസർ/ ബറ്റാലിയൻ ട്രാൻസ്പോർട്ട് ഓഫീസർ സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത രജിസ്റ്ററിൽ ഉദ്യോഗസ്ഥന്റെ പേര്, റാങ്ക്, ജനറൽ നമ്പർ, ഓഫീസ്/യൂണിറ്റ്, PEN നമ്പർ, ഓതറൈസ്ഡ് ഡ്രൈവറുടെ ഡ്രൈവിംഗ് ലൈസൻസിന്റെ വിവരങ്ങൾ, ഡ്രൈവിംഗ് ഓതറൈസേഷന്റെ കാലാവധി എന്നിവ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.
17. ഓതറൈസേഷൻ ലഭിച്ച ഡ്രൈവർ (പോലീസ് ഉദ്യോഗസ്ഥർ)-മാർ സർക്കാരിന്റെ/വകുപ്പിന്റെ നിയമങ്ങളും, നിബന്ധനകളും പാലിച്ചുകൊണ്ട് വേണം വകുപ്പ് വാഹനങ്ങൾ ഓടിക്കുവാൻ. വാഹനങ്ങളുടെ ശരിയായ ഉപയോഗവും, പരിപാലനവും ഓതറൈസേഷൻ ലഭിച്ച പോലീസ് ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്. അല്ലാത്തപക്ഷം യൂണിറ്റ് മേധാവികൾക്കും, MTO/BTO–മാർക്കും ടിയാൻമാർക്ക് നൽകിയിട്ടുള്ള ഓതറൈസേഷൻ റദ്ദാക്കാവുന്നതാണ്.
18. MTO/BTO-മാർ യൂണിറ്റിലെ ഓതറൈസ്ഡ് ഡ്രൈവർ (പോലീസ് ഉദ്യോഗസ്ഥർ)-ടെ പട്ടിക എല്ലാ മാസവും 05 (അഞ്ച്) തീയതിയ്ക്ക് മുൻപായി യൂണിറ്റ് മേധാവിക്കും, SP MT, PHQ-വിനും അയച്ചു നൽകേണ്ടതാണ്.

ഡോ ഷെയ്ക്ക് ദർവേഷ് സാഹെബ് ഐപിഎസ്
സംസ്ഥാന പോലീസ് മേധാവി

സ്വീകർത്താവ് : എല്ലാ യൂണിറ്റ് മേധാവിമാർ.

പകർപ്പ് : CAs to SPC/ADGP HQ/ SP MT /DySP MT/ Manager/JS M/ Duty officer/M5, R3 & R4 seats, PHQ